പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2052</u> <u>17.12.2012 ൽ മറുപടിക്ക്</u>

## പഴയ കേസുകളിൽ പുനരന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്തെ പഴയ കേസുകളിൽ പുതിയ വെളിപ്പെടുത്തലുകൾ ഉണ്ടായതിനെ തുടർന്ന് പുനരന്വേഷണം നടക്കുന്ന എത്ര കേസുകളുണ്ട്; വ്യക്തമാക്കുമോ; | (എ) | 10 കേസുകളുണ്ട്. |
| (ബി) | ഏതൊക്കെ കേസിൽ പുതിയ അറസ്റ്റുകൾ നടന്നിട്ടുണ്ട്; | (ബി) | 5 കേസുകളിൽ<br>1. ശാന്തൻപാറ PS. Cr. No. 118/82<br>2. എടക്കാട് PS. Cr. No. 161/05<br>3. തലശ്ശേരി PS. Cr. No. 177/08<br>4. ധർമ്മടം PS Cr. No. 44/07<br>5. കതിരൂർ PS. Cr. No. 364/02 |
| (സി) | ഓരോ കേസിന്റേയും അന്വേഷണം ഏത് ഘട്ടംവരെയെത്തി; വിശദമാക്കുമോ; | (സി) | എല്ലാ കേസുകളിലും അന്വേഷണം പുരോഗമിക്കുന്നു. |
| (ഡി) | കെ. സുധാകരൻ എം.പി യെ സംബന്ധിച്ച് അദ്ദേഹത്തിന്റെ മുൻ സഹപ്രവർത്തകൻ നടത്തിയ വെളിപ്പെടുത്തലുകൾ എന്തായിരുന്നു; ഇതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും അറസ്റ്റു ചെയ്യുകയും ഉണ്ടായോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | ശ്രീ. കെ. സുധാകരൻ എം. പി. യെ സംബന്ധിച്ച് അദ്ദേഹത്തിന്റെ മുൻ സഹ പ്രവർത്തകൻ പ്രശാന്ത് ബാബു വെളിപ്പെടുത്തിയതായി ദൃശ്യ - മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ അനുബന്ധമായി ചേർക്കുന്നു. കേസ് രജിസ്റ്റർ ചെയ്തിട്ടില്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

പ്രശാന്ത് ബാബു കാർഷിക വികസന ബാങ്കിൻെറ ശ്രീകണ്ഠപുരം ബ്രാഞ്ചിൽ ജോലി നോക്കി വരവെ ഒരുദിവസം അടിയന്തിരമായി ശ്രീ. സുധാകരൻ തന്നെ വന്ന് കാണണമെന്ന് പറഞ്ഞുവെന്നും അങ്ങനെ ശ്രീ. സുധാകരൻെറ വീട്ടിലെത്തിയപ്പോൾ അവിടെ അഡ്വക്കേറ്റ് ഹരീന്ദ്രനും അദ്ദേഹത്തിൻെറവളരെ അടുത്ത കുറച്ച് സുഹൃത്തുക്കളുണ്ടായിരുന്നുവെന്നും അവരോടൊക്കെ പുറത്തു പോകാൻ പറഞ്ഞശേഷം ഡി.സി.സി പ്രസിഡൻറിനെ ആക്രമിച്ചതിന് പ്രതികാരം ചെയ്യണമെന്ന് കോൺഗ്രസുകാരനെന്ന നിലയ്ക്ക് നിനക്ക് ആഗ്രഹമില്ലേ " എന്നും അതിൻെറ ബദലായി " ഇപ്പോ എന്നെ വിളിച്ചുവരുത്തിയത് ഇതിനാണോ ? ഇത് ഇപ്പോ ചോദിക്കേണ്ട കാര്യമെന്ത് ? എന്ന് പ്രശാന്ത് ബാബു ചോദിച്ചപ്പോൾ " അല്ല ഞങ്ങൾ ചില പദ്ധതികളൊക്കെയിട്ടിട്ടുണ്ട്. നിനക്ക് ഞാനൊരു ഡ്യൂട്ടി തരുന്നു. ഡ്യൂട്ടി എന്ന് പറയുന്നത് ജില്ലയുടെ എല്ലാ ഭാഗത്തുള്ള കോൺഗ്രസിൻെറ പ്രവർത്തകരെ പോയിക്കണ്ട് ഞാൻ തരുന്ന മെസ്സേജ് പാസ് ചെയ്യണം " " ഇ.പി ജയരാജനെ വധിക്കാൻ വേണ്ടി ഒരു ഗൂഡാലോചന നടന്നു വരുന്നു " എന്നതാണ് മെസ്സേജ് എന്ന് പറഞ്ഞുവെന്നുമാണ് ഒരു വെളിപ്പെടുത്തൽ കൂടാതെ സി.പി.എം. നിയന്ത്രണത്തിലുള്ള കണ്ണൂർ സഹകരണ പ്രസ്സ്, സേവറി ഹോട്ടൽ എന്നിവയ്ക്ക് നേരെ നടന്ന അക്രമം നാട്ടുകാരായ ചിലരും തൃപ്രയാർകാരനായ മൂർത്തി എന്ന ആളും ചേർന്നാണെന്നും, ഒരു ദിവസം പ്രശാന്ത് ബാബു ശ്രീ. സുധാകരൻെറ വീട്ടിൽ പോയ സമയത്ത് ശ്രീ. സുധാകരൻ, ടി.പി. ഹരീന്ദ്രൻ, കാപ്പാടൻ രമീശൻ എന്നിവരുമായി പേരാവൂരിൽ വെച്ച് സുധാകരൻെറ കാർ ആക്രമിക്കപ്പെട്ടതിനു തിരിച്ചടി കൊടുക്കാനുള്ള ഗൂഡാലോചന നടക്കുന്നത് കണ്ടു എന്നും അതിനായി തൃപ്രയാറിൽ നിന്നും ആളുകളെ കൊണ്ടുവരാനും സാധനങ്ങൾ